ഇന്ത്യയിലും സംസ്ഥാനത്തും നിലവിൽ വന്ന FERA, Independence Act, KLR Act, Companies Act എന്നിവ പ്രകാരം പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാകേണ്ടതായിരുന്നു. ഈ സാഹചര്യത്തിലാണ് നിലവിൽ നടന്നുവരുന്ന KLC Act 1957 പ്രകാരമുള്ള നടപടികൾ അവസാനിക്കും വരെ പ്രസ്തുത ഭൂമിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്.

(ഡി) 31-3-2014-ലെ കത്തുമായി ബന്ധപ്പെട്ട് കോടതി നിർദ്ദേശങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓട്ടോറിക്ഷകളിൽ മീറ്റർ കാലിബ്രേഷൻ സംവിധാനം

200 (7171) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടോറിക്ഷകളിലെ ഫെയർ നിശ്ചയിക്കുന്നതിനുള്ള ടാക്സി മീറ്റർ കാലിബ്രേഷൻ സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ആയതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഓട്ടോറിക്ഷകളിലെ ഫെയർ നിശ്ചയിക്കുന്നതിനുള്ള ടാക്സി മീറ്റർ കാലിബ്രേഷൻ സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

മുഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ സ്മാരക കുത്തമ്പലം

201 (7172) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതീയ കലാ പാരമ്പര്യത്തിന്റെ ഉദാത്തരൂപമായ കൂടിയാട്ടത്തെ ജീവനുതുല്യം സ്നേഹിക്കുകയും 2003-ൽ രാജ്യം പത്മശ്രീ പുരസ്കാരം നൽകി ആദരിക്കുകയും ചെയ്ത മുഴിക്കുളം കൊച്ചുകുട്ടൻ ചാക്യാരുടെ പേരിൽ ജന്മസ്ഥലമായ അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിൽ ഒരു സ്മാരക കൂത്തമ്പലം നിർമ്മിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട പാറക്കടവ് ഗ്രാമപഞ്ചായത്തിലെ റവന്യൂ പുറംപോക്ക് ഭൂമി അനുവദിച്ചുകിട്ടുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ നിന്നും ഒഴിവാക്കി സാംസ്കാരിക വകുപ്പിന്റെപേരിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പാറക്കടവ് വില്ലേജ് ബി1-6 സർവ്വേ 140/12-ൽ 11.53 ആർ വസ്തു ബൊട്ട് ഇൻ ലാന്റായി ഏറ്റെടുത്തിട്ടുള്ളതും ടി വസ്തു ആലുവ അഡീഷണൽ തഹസിൽദാരുടെ 30-3-2001-ലെ ഡി 4-531/01 നമ്പർ ഉത്തരവ് പ്രകാരം 140/19-ൽ 08.61 ആർ ആയി സബ്ഡിവിഷൻ ചെയ്ത് പുറമ്പോക്കാക്കി മാറ്റിയിട്ടുള്ളതാണ്. 140/12-ൽ 0.92 ആർ ബോട്ട് ഇൻ വാന്റ് വസ്തുവുമാണ്.

(ബി) ട്രാൻസ്ഫർ ഓഫ് ലാന്റായി ബന്ധപ്പെട്ട് ടി ഭൂമി 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. സാംസ്കാരിക വകുപ്പിന്റെ അഭിപ്രായപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

സർവ്വേ വകുപ്പിന്റെ ശാക്തീകരണം

202 (7173) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വനം വന്യജീവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർവ്വേ വകുപ്പ് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

സർവ്വേ വകുപ്പ് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. വകുപ്പിലെ രേഖകൾ പ്രിസർവ് ചെയ്തും ഡിജിറ്റൈസ് ചെയ്തും സൂക്ഷിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. സർവ്വേ രേഖകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും ഇ-റെജിസ്ട്രേഷൻസ്വഴി ടി രേഖകൾ പൊതുജനങ്ങൾക്ക് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. എല്ലാ ജില്ലാ ഓഫീസുകളിലും ഡിജിറ്റൈസേഷൻ സെന്ററുകളും കോമൺ റിക്കാർഡ് റൂമുകളും സജ്ജമാക്കുന്നതിനുള്ള പ്രവർത്തനവും അന്തിമ ഘട്ടത്തിലാണ്. സർവ്വേ വകുപ്പിന് കീഴിൽ മോഡേൺ സർവ്വേ ട്രെയിനിംഗ് നൽകുന്നതിനുള്ള പരിശീലന കേന്ദ്രത്തിന്റെ പ്രവർത്തനവും ഉടൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly